**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2317** — **10.10. 2011-ൽ മറുപടിക്ക്.**

തൃശ്ശൂർ മൃഗശാലയുടെ നവീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എം.പി. വിൻസെന്റ്** | | **കുമാരി പി.കെ. ജയലക്ഷ്മി** **( ബഹു: പട്ടികവർഗ്ഗക്ഷേമവും യുവജന കാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)** | |
| (എ) | തൃശ്ശൂർ മൃഗശാലയുടെ നവീകരണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) | തൃശ്ശൂർ മൃഗശാലയുടെ നവീകരണത്തിന്റെ ഭാഗമായി മുള്ളൻപന്നി കൂടിന്റെ മുകളിൽ നെറ്റ് അടിച്ചു. മാൻ കൂട്ടിൽ ഇല, പുല്ല് എന്നിവ ഇടുന്നതിന് പ്ളാറ്റ്ഫോം നിർമ്മിച്ചു. കടുവാക്കൂട് കുറച്ച് കൂടി വിശാലമാക്കി. കൂടാതെ പാമ്പിൻ കൂട് വൈദ്യുതീകരിച്ചു. |
| (ബി) | തൃശ്ശൂർ മൃഗശാലാ വികസനം ഏതു ഘട്ടത്തിലാണ്; | (ബി) | തൃശ്ശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റുന്നതിന്റെ നടപടികൾ നടക്കുന്നതിനാൽ തൃശ്ശൂർ മൃഗശാലയിൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നില്ല. എന്നാൽ നിലവിലുള്ള മൃഗങ്ങളുടെ ആരോഗ്യ പരിപാലനത്തിനും, പ്രജനനത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | തൃശ്ശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ? | (സി) | തൃശ്ശൂർ മൃഗശാല ആധുനിക രീതിയിൽ വികസനം നടത്തുന്നതിന് അപര്യാപ്തമാണെന്നും, ആയതിനാൽ മറ്റൊരു സ്ഥലം കണ്ടെത്തി മൃഗശാല മാറ്റിയാൽ മാത്രമേ സെൻട്രൽ സൂ അതോറിറ്റി തൃശ്ശൂർ മൃഗശാലയുടെ അംഗീകാരം തുടരുകയുള്ളൂ എന്നറിയിച്ചതിനെതുടർന്ന് സെൻട്രൽ സൂ അതോറിറ്റിയുടെ നേതൃത്വത്തിൽ 1995 നവംബറിൽ വിദഗ്ധർ മൃഗശാല സന്ദർശിക്കുകയും , തൃശ്ശൂർ മൃഗശാല മാറ്റി സ്ഥാപിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു. സെൻട്രൽ സൂ അതോറിറ്റിയുടെ ശുപാർശ സംസ്ഥാന സർക്കാർ അംഗീകരിക്കുകയും (പുത്തൂർ സർവ്വെ നമ്പർ 301) (കൈനൂർ സർവ്വെ 243) എന്നീ വില്ലേജുകളിലായി 124 ഹെക്ടർ വനഭൂമി കണ്ടെത്തുകയും ചെയ്തു. ഇതിന് പകരമായി 4.8. 2008-ലെ സർക്കാർ ഉത്തരവ് (എം.എസ്) 251/08/ റവന്യൂ നമ്പർ ഉത്തരവ് പ്രകാരം ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ കീഴാന്തൂർ വില്ലേജിൽ 124 ഹെക്ടർ സ്ഥലം വനവൽക്കരിക്കുന്നതിന് വേണ്ടി റവന്യൂ വകുപ്പ് വനം വകുപ്പിന് നൽകിയതിനെതുടർന്ന് വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 13.11.2007-ലെ എഫ്. നമ്പർ 11-65/2004 നമ്പർ കത്തിൽ മൃഗശാല ഫോറസ്റ്റ് ആക്ട് 1980 പ്രകാരം തുടങ്ങുന്നതിന് തടസ്സമില്ലെന്നറിയിച്ചതിന്റെ അടിസ്ഥാനത്തിൽ മാസ്റ്റർ പ്ളാന്റെ കരടു രൂപം തയ്യാറാക്കി സെൻട്രൽ സൂ |

വനം വകുപ്പിന്റെ [illegible]ന്നും, ഭൂമി അനുവദിക്കുന്നതിന് വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമാണെന്നും വനം വകുപ്പ് അറിയിച്ചതനുസരിച്ച് ഭൂമി ലഭിക്കുന്നതിനായി വനം വകുപ്പിന്റെ നിർദ്ദിഷ്ട ഫോമിലുള്ള അപേക്ഷ വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിക്കായി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നൽകി. വനഭൂമി നോൺ ഫോറസ്ട്രി പർപ്പസിനായി ഉപയോഗിക്കുമ്പോൾ കോമ്പൻസേറ്ററി അഫോറസ്ട്രേഷൻ നൽകേണ്ടതുണ്ട്. അതിന് വേണ്ട സമ്മതപത്രം സർക്കാർ അനുമതിയോടെ വനം വകുപ്പിന് നൽകി. കൂടാതെ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിക്കായി നിർദ്ദിഷ്ട ഫോമിൽ അപേക്ഷ വനം വകുപ്പിന് നൽകി. മാസ്റ്റർ പ്ളാനിൽ ചില ഭേദഗതികൾ ആവശ്യമാണെന്ന് കേന്ദ്ര മൃഗശാലാ അതോറിറ്റി അറിയിച്ചതിനെ തുടർന്ന് വിവരങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് അയച്ചു കൊടുത്തു. തൃശ്ശൂരിൽ നിലവിലുള്ള മൃഗശാല പുത്തൂരിലേക്ക് മാറ്റാനുള്ള തീരുമാനം സർക്കാർ നടപ്പിലാക്കി വരുന്നു. പ്രവർത്തനത്തിന്റെ എളുപ്പത്തിനായി ഈ ചുമതല വനം വകുപ്പിനെ ഏൽപ്പിക്കാനായി സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

തൃശ്ശൂരിലെ മൃഗശാല പുത്തൂരിലേക്ക് മാറ്റി അവിടെ ഒരു സുവോളജിക്കൽ പാർക്ക് സ്ഥാപിക്കുന്നതിന് വനം വകുപ്പ് താഴെപറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(1) പാർക്ക് സ്ഥാപിക്കുന്നതിനായി ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയോഗിച്ച് ഉത്തരവായിട്ടുണ്ട്.
(2) അനുയോജ്യമായ വനഭൂമി കണ്ടെത്തിയിട്ടുണ്ട്.
(3) കരട് മാസ്റ്റർ പ്ളാൻ തയ്യാറാക്കിവരുന്നു.

(signature)
സെക്ഷൻ ഓഫീസർ